PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1959.

(Second Meeting)

Friday, the 15th May 1959.

Vol. VII] OFFICIAL REPORT **[No. 53**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock, on Friday, the 15th May 1959, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

SHORT NOTICE QUESTIONS

ന്യായവില ഷാപ്പുകളിൽനിന്നും അരി ലഭിക്കുന്നതിനുള്ള നടപടി.

* 1379. [6] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യക്ഷാമം സാധാരണയായി ഉണ്ടാകാറുള്ള ജൂൺ-ജൂലൈ മാസങ്ങളിൽ ആവശ്യത്തിനുള്ള അരി ന്യായവില ഷാപ്പുകളിൽ ലഭിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ബി) ഇക്കാര്യത്തിനായി കേന്ദ്രഗവണ്മെന്റിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ : ഉണ്ടെങ്കിൽ എന്തു മറുപടിയാണു ലഭിച്ചിട്ടുള്ളതു് ;

(സി) അഖിലകക്ഷി ഭക്ഷ്യോപദേശകസമിതി ഈ കാര്യങ്ങളെക്കുറിച്ചു് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണു് തീരുമാനങ്ങൾ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) സംസ്ഥാനഗവണ്മെന്റിന്റെ നിവേദനത്തിന്റെ ഫലമായി കേന്ദ്രം മേയ് മുതൽ ആഗസ്റ്റവരെ ഉള്ള നാലു മാസത്തേക്കായി അൻപതിനായിരം ടൺ അരി ഈ സംസ്ഥാനത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ ആസ്ട്രയിൽ നിന്നും കൂടുതൽ അരി നിജപ്പെടുത്തിയ നിരക്കിൽ കവിയാത്ത വിലയ്ക്ക് വാങ്ങാൻ ടെൻഡർ വിളിക്കാനും ഏർപ്പാട് ചെയ്തിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അതിന്റെ ഫലമായിട്ടാണ് അൻപതിനായിരം ടൺ അരി ഇപ്പോൾ ലഭിച്ചിട്ടുള്ളത്.

(സി) അഖിലകക്ഷി ഭക്ഷ്യോപദേശക സമതി ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ അനുവദിച്ച അയ്യായിരം ടൺ അരി കേരളത്തിൽ വരുന്ന പഞ്ചമാസങ്ങളിലേക്ക് തീരെ അപര്യാപ്തമാകയാൽ വരുന്ന ജൂൺ ആദ്യമെങ്കിലും കോട്ടാ വർദ്ധിപ്പിച്ചുതരാനും ഭക്ഷിണഭക്ഷ്യ മേഖല തുടർന്നു കൊണ്ടുപോകാനും കേന്ദ്രത്തിനോടപേക്ഷിക്കുന്ന പ്രമേയം പാസാക്കി. അവ കേന്ദ്രത്തിന് അയച്ചുകൊടുക്കുകയും ചെയ്തു. കൂടാതെ ജൂൺ ആദ്യത്തിൽ സംസ്ഥാനത്തെ ഭക്ഷ്യനില പുനഃപരിശോധിക്കാനും തീർച്ചയാക്കി.

ശ്രീ. ആർ. പ്രകാശം : അൻപതിനായിരം ടൺ അരിയുടെ ആദ്യത്തെ കോട്ട എപ്പോൾ വന്നു?

ശ്രീ. കെ. സി. ജോർജ്ജ് : അതു ഉടൻതന്നെ കിട്ടും. ഇവിടെ സ്റ്റോക്ക് ചെയ്തിട്ടുള്ളതിൽ നിന്നു തരാനാണ് പറഞ്ഞിട്ടുള്ളതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : മദ്രാസിൽ നിന്നും നെല്ല് കടത്തിക്കൊണ്ടുപോകാൻ പാടില്ലെന്ന നിരോധനം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : ഉണ്ടായിട്ടുണ്ട്. എന്നാൽ തെക്കൻ തിരുവിതാംകൂറിലെ ഈ ഭാഗത്തുള്ളവരുടെ നെല്ലുള്ളതു് പാസ്സു മൂലം കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ നിരോധനം നമ്മുടെ ഭക്ഷ്യപ്രശ്നത്തെ കൂടുതൽ ഗുരുതരമാക്കുകയില്ലേ? ദക്ഷിണമേഖല നിലനിൽക്കുന്ന കാലത്തു ഇതു് ന്യായീകരിക്കത്തക്കതാണോ ?

ശ്രീ. കെ. സി. ജോർജ്ജ് : ഇതിനെപ്പറ്റി കഴിഞ്ഞ ദക്ഷിണമേഖലാ കൗൺസിലിൽ നിവേദനം നടത്തിയിട്ടുണ്ട്. അതു് കേന്ദ്രഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുകയാണെന്നു തോന്നുന്നു.

ശ്രീ. കെ. ഗോപാലൻകുട്ടി നായർ : ദക്ഷിണഭക്ഷ്യമേഖല വേണ്ടെന്നു വച്ചു് അതിൽപ്പെട്ട സ്റ്റോറുകൾ പ്രത്യേകം മേഖലകളായി ശുപാർശ ചെയ്യണമെന്നുള്ള കാര്യത്തിൽ ഈ ഗവണ്മെന്റിന്റെ അഭിപ്രായമെന്താണു് ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ ഒരു ആവശ്യം മദ്രാസ് ഗവണ്മെന്റും ആന്ധ്രാഗവണ്മെന്റും ഉന്നയിച്ചിട്ടുണ്ട്. അതിനെ ഈ ഗവണ്മെന്റ് എതിർക്കുകയാണു ചെയ്തതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇപ്പോൾ കിട്ടുന്ന അൻപതിനായിരം ടണ്ണും ഈ ഗവണ്മെന്റിന്റെ കയ്യിലുള്ള സ്റ്റോക്കും കൊണ്ടു് ഇനി എത്ര മാസത്തേയ്ക്കു വിതരണം ചെയ്യാൻ കഴിയും?

ശ്രീ. കെ. സി. ജോർജ്ജ് : നാലു മാസത്തേയ്ക്കു വിതരണം ചെയ്യാം.

ശ്രീ. ഇ. പി. ഗോപാലൻ : ആന്ധ്രയിൽ നിന്നും നിയന്ത്രിതവിലയ്ക്കു അരി വാങ്ങാൻ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞു. അങ്ങനെയല്ലാതെ കേരളത്തിനു് വേണ്ടുന്ന അരി ഇപ്പോൾ അൻപതിനായിരം ടൺ അരി തരുന്നതുപോലെ തരുന്നതിനു് കേന്ദ്രത്തിനോടു് അപേക്ഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോർജ്ജ് : ആന്ധ്രയിൽനിന്നും നിയന്ത്രിതവിലയ്ക്ക് അരി വാങ്ങാൻ സാധിക്കാതെ വരുന്ന പക്ഷം കേന്ദ്രത്തിൽനിന്നും തരുന്നതിനു് ആവശ്യപ്പെട്ടിട്ടുണ്ടു്. കേന്ദ്രം അതിനു ചില പ്രയാസങ്ങളും പറഞ്ഞിട്ടുണ്ടു്. എങ്കിലും അവസാന തീരുമാനമായിട്ടില്ല.

ശ്രീ. സി. എ. മാത്യു : നാലു മാസത്തേയ്ക്കു അരി സ്റ്റാക്കുണ്ടാകുമെന്നു പറഞ്ഞു ഇപ്പോൾ പതിനാലര അണ അരിയ്ക്കു വിലയുണ്ടു്. ഇതുതന്നെ സ്റ്റാക്കുള്ള നിലയ്ക്കു് ഇന്നത്തെ അരി വില നിയന്ത്രിക്കുന്നതിനു് എന്താണു് നടപടികൾ സ്വീകരിക്കാത്തതു്?

ശ്രീ. കെ. സി. ജോർജ്ജ് : നാലു മാസത്തേയ്ക്കു തരുമെന്നു പറഞ്ഞിട്ടില്ല. ഓരോ മാസത്തേയ്ക്കുള്ളതാണു് തരുന്നതു്.

ശ്രീ. സി. എ. മാത്യു : ഏതായാലും നാലു മാസത്തേയ്ക്കു് അരി ഉണ്ടെന്നുള്ള നിലയ്ക്കു ഇപ്പോഴുള്ള അരിവില നിയന്ത്രിക്കുന്നതിനു് സത്വരനടപടികൾ എടുക്കുമോ?

ശ്രീ. കെ. സി. ജോർജ്ജ് : അതിനുള്ള സത്വരനടപടി വില നിയന്ത്രിയ്ക്കുക എന്നുള്ളതാണു്. ഇന്നത്തെ നിലയ്ക്കു് ആന്ധ്രയിൽ നിന്നും നിയന്ത്രിതവിലയ്ക്കു് അരി കിട്ടാതിരിക്കുകയും മദ്രാസിൽനിന്നും അരി കിട്ടാൻ വിഷമവും ഉള്ളപ്പോൾ അരിവില നിയന്ത്രിച്ചാൽ അരി ഇവിടെ കിട്ടാൻതന്നെ വിഷമമുണ്ടാകും.

ശ്രീ. എം. നാരായണക്കുറുപ്പു് : അടുത്ത കാലത്തു അരിവില വർദ്ധിച്ചിട്ടുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ് : കഴിഞ്ഞ ഒരു മാസമായി വില വർദ്ധിച്ചിട്ടുണ്ടു്. ഇനി വില കുറയാൻ സാദ്ധ്യതയുണ്ടെന്നാണു് അറിയുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇപ്പോഴത്തെ സഹകാരികച്ചവടക്കാർ അരി ഇറക്കുമതി ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ് : ഉണ്ടു്.

ശ്രീ. ടി. എ. തോമ്മൻ : നെല്ലു കൊണ്ടുവരുന്നതിനു് തടസ്സമുണ്ടു്. അരി കൊണ്ടുവരുന്നതിനു് തടസ്സമുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ് : അരി കൊണ്ടുവരുന്നതിനു് തടസ്സമില്ല. എന്നാൽ നിയന്ത്രിതവിലയ്ക്കു മദ്രാസിൽ നിന്നും അരി കിട്ടാൻ തടസ്സമുണ്ടു്.

മദ്യനിരോധനം പിൻവലിക്കൽ.

* 1380. [7] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോർട്ടുകൊച്ചിയിലെ മദ്യനിരോധനം എടുത്തുകളയുവാൻ സർവ്വെൻറുദ്ദേശിക്കുന്നുണ്ടോ ;

(ബി) അങ്ങനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പത്രറിപ്പോർട്ടുകളും, അതിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടു ഫോർട്ടുകൊച്ചി നഗരസഭ മേയർ 5-ാം തീയതി പാസ്സാക്കിയ പ്രമേയവും സർവ്വെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly